## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 656</u> <u>10.07.2014-ലെ മറുപടിക്ക്</u>

### <u>സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ സ്വന്തംനിലയിൽ പ്രവേശിപ്പിക്കൽ</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ടി.വി. രാജേഷ്<br>ശ്രീ. ജി. സുധാകരൻ<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ<br>ശ്രീ. ആർ. രാജേഷ് | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ ചിലത് സ്വന്തം നിലയിൽ പ്രവേശനം നടത്തുമെന്ന് അറിയിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണമെന്താണെന്നാണ് അവർ അറിയിച്ചിരിക്കുന്നത്;<br><br>ബി) ഇവരുമായി ധാരണയിലോ കരാറിലോ എത്തിയശേഷമായിരുന്നോ പ്രസ്തുത സീറ്റുകൾ കൂടി പ്രോസ്പെക്ടസിൽ ഉൾപ്പെടുത്തിയിരുന്നത്;<br><br>സി) കരാർലംഘനം നടത്തിയെങ്കിൽ ഇവർക്കെതിരെ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ; | എ), ബി) & സി)<br><br>26.05.2014ൽ കേരളാ പ്രൈവറ്റ് മെഡിക്കൽ കോളേജ് മാനേജ്മെന്റ് അസോസിയേഷനുമായി നടന്ന ചർച്ചയിൽ മാനേജ്മെന്റ് സീറ്റുകളിലേക്ക് പ്രവേശനത്തിനായി പ്രത്യേകം പ്രവേശന പരീക്ഷ നടത്തണമെന്ന ആവശ്യത്തിൽ മാനേജ്മെന്റുകൾ ഉറച്ചു നിൽക്കുകയും, ഇതിലേക്കായി ബഹു. സുപ്രീം കോടതിയുടെ അനുമതി ലഭിക്കുന്ന പക്ഷം കരാറിൽ ഏർപ്പെടാമെന്ന് അസോസിയേഷൻ സർക്കാരിനെ അറിയിക്കുകയും ചെയ്തു. മാനേജ്മെന്റുകൾക്ക് ബഹു. സുപ്രീം കോടതിയുടെ അംഗീകാരം ഇതേവരെ ലഭിച്ചിട്ടില്ല. കേസ് ജൂലൈ 15ന് പോസ്റ്റ് ചെയ്തിരിക്കുകയാണ്. ആയതിനാൽ ഇതുവരെയും പ്രസ്തുത മാനേജ്മെന്റുകൾ കരാറിൽ ഏർപ്പെട്ടിട്ടില്ല.<br>പ്രോസ്പെക്ടസിൽ കേരളാ പ്രൈവറ്റ് മെഡിക്കൽ കോളേജ് മാനേജ്മെന്റ് അസോസിയേഷന്റെ കീഴിലുള്ള മെഡിക്കൽ കോളേജുകളെയും ഉൾപ്പെടുത്തിയിരുന്നുവെങ്കിലും പ്രസ്തുത കോളേജുകൾ സർക്കാരുമായി ഇതുവരെ കരാറിൽ ഏർപ്പെട്ടിട്ടില്ല. മാനേജ്മെന്റുകൾ സർക്കാരുമായി കരാറിൽ ഏർപ്പെട്ടിട്ടില്ലാത്തതിനാൽ സർക്കാർ മെറിറ്റിൽ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കാൻ സാധിക്കുകയില്ല. പ്രൊസ്പെക്ടസിൽ പ്രസ്തുത കോളേജുകളെ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രോസ്പെക്ടസിലെ വകുപ്പ് 1.7 പ്രകാരം സെൽഫ് ഫിനാൻസിങ്ങ് കോളേജുകളിലെ സീറ്റുകളിലേക്കുള്ള അലോട്ട്മെന്റ് |

സർക്കാർ ഉത്തരവിന് വിധേയമായിരിക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

10.02.2014ൽ കേരള ക്രിസ്ത്യൻ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റ് ഫെഡറേഷനുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ സീറ്റു വിഭജനവും ഫീസും സംബന്ധിച്ച ധാരണയിൽ എത്തിച്ചേരുകയും അതിൻ പ്രകാരം ഫെഡറേഷനുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കരാറിന്റെ അടിസ്ഥാനത്തിൽ ഒന്നാംഘട്ട അലോട്ട്മെന്റിൽ ഫെഡറേഷന്റെ കീഴിലുള്ള മെഡിക്കൽ കോളേജുകളിലെ മെറിറ്റ് സീറ്റുകളിലേക്ക് പ്രവേശനം നടത്തിയിട്ടുണ്ട്.

കേരളാ പ്രൈവറ്റ് മെഡിക്കൽ കോളേജ് മാനേജ്മെന്റ് അസോസിയേഷന്റെ കീഴിലുള്ള കാരക്കോണം ഡോ.സോമർവെൽ മെമ്മോറിയൽ സി.എസ്.ഐ. മെഡിക്കൽ കോളേജ് സർക്കാരുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. അസോസിയേഷന്റെ കീഴിലുള്ള മറ്റു കോളേജുകൾ സർക്കാരുമായി കരാറിൽ ഏർപ്പെടാനുള്ള സന്നദ്ധത അറിയിച്ചിട്ടുണ്ട്. പ്രസ്തുത കോളേജുകളുമായി വരുംദിവസങ്ങളിൽ കരാറിൽ ഏർപ്പെടാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

മുൻവർഷങ്ങളിൽ സർക്കാരുമായി കരാറിൽ ഏർപ്പെടാതെ സ്വന്തം നിലയ്ക്ക് പ്രവേശനം നടത്തികൊണ്ടിരുന്ന സ്വാശ്രയമെഡിക്കൽ കോളേജുകൾക്കും സർക്കാരുമായി കരാറിൽ ഏർപ്പെടാത്ത മറ്റ് സ്വാശ്രയ മെഡിക്കൽ കോളേജുകൾക്കുമെതിരെ 2006ലെ സ്വാശ്രയ പ്രവേശന ആക്ടിലെ നിലവിലുള്ള വ്യവസ്ഥകൾക്ക് അനുസൃതമായി നടപടികൾ കൈക്കൊള്ളാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഒപ്പംതന്നെ പ്രസ്തുത സ്ഥാപനങ്ങൾക്ക് സർക്കാർ നൽകിവന്നിരുന്ന സൗകര്യങ്ങൾ തുടർന്നു നൽകുന്ന കാര്യം പുനഃപരിശോധിക്കുന്നതും സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

ഡി) സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ സ്വന്തംനിലയിൽ പ്രവേശനം നടത്തി മെരിറ്റ് അട്ടിമറിച്ച് വിദ്യാർത്ഥികളെ കബളിപ്പിക്കുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; ഇപ്രകാരം സംഭവിക്കുന്നതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ?

ഡി) ബഹു. സുപ്രീംകോടതി നിർദ്ദേശിച്ചതിൻ പ്രകാരം സുതാര്യവും ചൂഷണരഹിതവുമായ സ്വാശ്രയ പ്രവേശന നടപടികൾ ഉറപ്പാക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് പ്രവേശന മേൽനോട്ടസമിതി രൂപീകരിച്ചിട്ടുള്ളത്. മെറിറ്റ് അട്ടിമറിച്ചു പ്രവേശനം നടത്തുന്ന സ്വാശ്രയ മെഡിക്കൽ മാനേജുമെന്റുകൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് പ്രവേശന മേൽനോട്ട സമിതിക്കും സർക്കാരിനും അധികാരമുണ്ട്. മെറിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം നടത്താത്ത മാനേജ്മെന്റുകൾക്കെതിരെ 2006ലെ സ്വാശ്രയ പ്രവേശന ആക്ടിലെ നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം നടപടികൾ സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**